## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 307** — **17-12-2015 ലെ മറുപടിയ്ക്ക്**

## <u>നികുതി വരുമാനത്തിലെ കുറവ്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. പി.അയിഷാ പോറ്റി**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. എ.എം.ആരിഫ്** | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | നടപ്പുസാമ്പത്തിക വർഷം വാണിജ്യ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുകയും പിരിച്ചെടുക്കാൻ സാദ്ധ്യമായ തുകയും എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷം വാണിജ്യ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തുക 34740.61 കോടി രൂപയാണ്. ഇതിൽ 30/11/2015 വരെ 19599.85 കോടി രൂപ പിരിച്ചെടുത്തു. 11% വളർച്ചാ നിരക്കാണ് 30/11/2015 വരെ രേഖപ്പെടുത്തിയിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലക്ഷ്യമിട്ട തുക മുഴുവൻ പിരിച്ചെടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതി രഹിത ചെക്കുപോസ്റ്റുകൾ തുടങ്ങിയ നടപടികളുടെ ഭാഗമായി നികുതി വരുമാന വർദ്ധന ഉണ്ടായിരുന്നുവോ; ഇപ്പോൾ നികുതി വരുമാനത്തിൽ സ്വാഭാവിക വർദ്ധനവ് ഉണ്ടാകാത്തതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ തുടങ്ങിയ നടപടികളുടെ ഭാഗമായി ഉണ്ടായ നികുതി വരുമാന വർദ്ധന സംബന്ധിച്ച വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>വാണിജ്യ നികുതി വകുപ്പിൽ 2007-08 സാമ്പത്തിക വർഷം മുതലാണ് ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ എന്നീ നടപടികൾ തുടങ്ങിയത്. ഇതുമൂലം നികുതി വരുമാനത്തിന്റെ വർദ്ധനവിൽ കുറവ് |

സംഭവിച്ചിട്ടില്ല. എന്നാൽ വർദ്ധനവിന്റെ നിരക്കിൽ നേരിയ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. 2006-2011 കാലയളവിൽ 18% വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് ഇപ്പോൾ 15% വളർച്ചാനിരക്ക് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

റബ്ബറിന്റെ വിലയിൽ മുൻവർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായ കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എണ്ണകമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതിപിരിവിൽ കോമ്പൗണ്ടിംഗ് നിരക്ക് 125%-ൽ നിന്നും 115% മായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും, വർക്സ് കോൺട്രാക്ടിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ വഴി നിലവിലുള്ള ലൈസെൻസ് ഫീസ് ഓൺലൈൻ വഴി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി

നടപടിക്രമങ്ങൾ ലഘൂകരിക്കുകയാണ് ചെയ്തിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2015 നവംബർ 30 വരെയുള്ള വകുപ്പുതല കണക്കുകൾ പ്രകാരം സമാഹരിക്കാനായിട്ടുള്ളത് 1275.34 കോടി രൂപയാണ്. മുൻവർഷത്തെ ഇതേകാലയളവിനെ അപേക്ഷിച്ച് 146.98 കോടി രൂപ അധികമാണ് സമാഹരിച്ചിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ്, നിരീക്ഷണ ക്യാമറകൾ, ഓട്ടോമാറ്റിക് വെയ്ബ്രിഡ്ജുകൾ എന്നിവ വിവിധ ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചുവരുന്നു.

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്നവരെ ചെക്കുപോസ്റ്റുകളിൽ നിയോഗിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്; നികുതി വെട്ടിപ്പുകാരുമായുള്ള ഉന്നത ബന്ധങ്ങളും ഇടപാടുകളും നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയാണ് ചെക്ക്പോസ്റ്റുകളിൽ പരിശോധനയ്ക്കായി നിയോഗിച്ചിരി ക്കുന്നത്. നികുതി വെട്ടിപ്പുകാരുമായുള്ള ഉന്നത ബന്ധങ്ങളും ഇടപാടുകളും നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഡാറ്റ മൈനിംഗ് ടീമിന്റെ പ്രവർത്തനങ്ങ ളിലൂടെയും മറ്റും കണ്ടുപിടിക്കാൻ സാദ്ധ്യ മായ നികുതി വെട്ടിപ്പുകളുടെ എണ്ണവും തന്മൂലമുണ്ടായ നേട്ടവും വിശദമാക്കുമോ ?

(ഡി) വാണിജ്യ നികുതി വകുപ്പിൽ 2015-16 സാമ്പത്തിക വർഷം 14.12.2015 വരെ 970 റിപ്പോർട്ടുകൾ തയ്യാറാക്കി. ആയതിൽ 181 കേസുകൾ തീർപ്പാക്കി, 11.25 കോടി രൂപയുടെ അധിക നികുതി ചുമത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.